**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം ജെൻ ഔഷധി സ്റ്റോറുകൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 221/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 23/01/2018**

---

പരാമർശം:- 1. 04.02.2017 ലെ സ.ഉ.(സാധാ)നം.325/2017/തസ്വഭവ ഉത്തരവ്

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.10.2017, 16.01.2018 തീയതികളിലെ 9747/സി/2015/KSHO നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവു പ്രകാരം മെഡിക്കൽ സ്റ്റോറുകൾ നടത്തുവാനുള്ള കച്ചവട ലൈസൻസും ഡ്രഗ് ലൈസൻസും കുടുംബശ്രീ നേടേണ്ടതാണെന്ന നിബന്ധനയോടെ ജെൻ ഔഷധി സ്റ്റോറുകൾ നടത്തുന്നതിനുള്ള അനുമതി നല്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്വത്തോടെ കുടുംബശ്രീയുടെ നേതൃത്വത്തിൽ ജെൻ ഔഷധി സ്റ്റോറുകൾ നടത്തുന്നതിനാവശ്യമായ സർക്കാർ ഉത്തരവുണ്ടാകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജെൻ ഔഷധി സ്റ്റോറുകളുടെ സുഗമമായ പ്രവർത്തനത്തിനും മേൽനോട്ടത്തിനുമായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ജെൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുന്നതിന് 120 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടം പഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്.
2. തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലുള്ള ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ,മറ്റ് പ്രധാനപ്പെട്ടആശുപത്രികൾ, പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ വക ഷോപ്പിംഗ്കോംപ്ലക്സ്, സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടം എന്നിവിടങ്ങളിൽ ടി സ്റ്റോറുകൾ ആരംഭിക്കാവുന്നതാണ്.
3. സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളായ ആർ.എസ്.ബി.വൈ., ജെ.എസ്.എസ്.കെ., ആർ.ബി.എസ്.കെ., ആരോഗ്യകിരണം, താലോലം എന്നിവയിൽ ഗുണഭോക്താക്കളായി വരുന്ന രോഗികൾക്ക് സൗജന്യമരുന്ന് നീതി-കാരുണ്യ സ്റ്റോറുകളിലൂടെ ലഭ്യമാക്കുന്നതോടൊപ്പം കുടുംബശ്രീ ജെൻ-ഔഷധി സ്റ്റോറുകളെ കൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.
4. ജെൻ ഔഷധി സ്റ്റോറുകളുടെ സുഗമമായി പ്രവർത്തനത്തിനായി വൈദ്യുതി, ജലം എന്നിവലഭ്യമാക്കുന്നതിനും ഫ്രീസറിൽ കേടുകൂടാതെ സൂക്ഷിക്കേണ്ട മരുന്നിനങ്ങൾ ഉള്ളതിനാൽ വൈദ്യുത തടസ്സം വരാത്ത തരത്തിൽ ത്രിഫേസ് കണക്ഷൻ ഉണ്ടായിരിക്കേണ്ടതുമാണ്.
5. സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജെൻ ഔഷധി സ്റ്റോറുകളിൽ ലഭ്യമാകുന്ന മരുന്നുകൾ രോഗികൾക്ക് നിർദ്ദേശിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
6. ജെൻ ഔഷധി സ്റ്റോറുകളുടെ മേൽനോട്ടം വഹിക്കുന്നതിനായി വഹിക്കുന്നതിനായി

പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ സെക്രട്ടറി, പ്രസിഡന്റ് /ചെയർമാൻ / സിഡിഎസ് ചെയർപേഴ്സൺ, ഫിസിഷ്യൻ, ബിപിപിഐ പ്രതിനിധി, ജില്ലാ മിഷൻ കോർഡിനേറ്റർ എന്നിവരടങ്ങുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും 3 മാസത്തിലൊരിക്കൽ പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല സി.എസ്.
ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ
സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ